**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2068** **03-03-2025 - ൽ മറുപടിയ്ക്ക്**

**പോലീസ് കോൺസ്റ്റബിൾ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | പോലീസ് സേനയിലെ അംഗബലത്തിന്റെ കുറവ് മൂലം ജോലി ഭാരത്താൽ സേനാംഗങ്ങൾ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വിവിധ കാരണങ്ങളാൽ പോലീസ് സേനാംഗങ്ങളിൽ ചിലർ ആത്മഹത്യ ചെയ്തത് അത്യന്തം വ്യസനകരമാണ്. അവരെ അതിലേയ്ക്ക് നയിച്ച സാഹചര്യം അതത് സന്ദർഭങ്ങളിൽ വിലയിരുത്തുന്നതിന് ശ്രമിച്ചിട്ടുമുണ്ട്. പോലീസ് സേനയിലെ അംഗബലത്തിന്റെ കുറവുമൂലമുള്ള ജോലിഭാരത്താൽ ആത്മഹത്യ ചെയ്തതായി വിലയിരുത്തപ്പെട്ടിരുന്നില്ല. |
| (ബി) | 2024 ഏപ്രിൽ 14 ന് നിലവിൽ വന്ന പോലീസ് കോൺസ്റ്റബിൾ (ആംഡ് പോലീസ് ബറ്റാലിയൻ) റാങ്ക് ലിസ്റ്റിൽ നിന്നും (കാറ്റഗറി നം. 537/2022) എസ്.എ.പി. -യിലേക്ക് നാളിതുവരെ എത്ര നിയമനങ്ങളാണ് നടത്തിയിട്ടുള്ളത്; നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന 2025 ഏപ്രിൽ 14 -ന് മുമ്പ് റാങ്ക് ലിസ്റ്റിൽനിന്നും എസ്.എ.പി.-യിലേക്ക് പരമാവധി നിയമനം നടത്തുമോ? | (ബി) | 2024 ഏപ്രിൽ 14ന് നിലവിൽ വന്ന പോലീസ് കോൺസ്റ്റബിൾ (ആംഡ് പോലീസ് ബറ്റാലിയൻ) റാങ്ക് ലിസ്റ്റിൽ നിന്നും (കാറ്റഗറി നം.537/2022) എസ്.എ.പി ബറ്റാലിയനിലേക്ക് 169 അഡ്വൈസ് ലഭിച്ചിട്ടുള്ളതിൽ 141 പേരുടെ നിയമന നടപടി പൂർത്തിയായിട്ടുണ്ട്. 31.01.2025 ലെ DTG(1) 764557/23 പ്രകാരം എസ്.എ.പി ബറ്റാലിയനിലേക്ക് അഡ്വൈസ് ചെയ്യപ്പെട്ട 17 ഉദ്യോഗാർത്ഥികളുടെ നിയമന നടപടികൾ പുരോഗമിച്ചുവരുന്നു. 01.07.2025 വരെ വിരമിക്കൽ വഴി ഉണ്ടാകാവുന്നത് ഉൾപ്പെടെയുള്ള ഒഴിവുകൾ കണക്കാക്കിയുള്ള താൽക്കാലിക ട്രെയിനിംഗ് തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് അവ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ